**<u>പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>**

(ഹാജർ: പി.മേരിക്കുട്ടി , ഐ.എ.എസ്)

വിഷയം: പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത - മലപ്പുറം ജില്ല - വള്ളികുന്ന് ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.സി.സുഭാഷ്കുമാറിനെ പഞ്ചായത്ത് ഓവർസിയറുടെ സീൽ കൃത്രിമമായി ഉണ്ടാക്കി വ്യാജറിപ്പോർട്ട് സമർപ്പിച്ച് കെട്ടിട നിർമ്മാണാനുമതി നൽകി ക്രമക്കേടുകൾ നടത്തിയതിന് അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു ഉത്തരവാകുന്നു.

പരാമർശം:
1. സർക്കാരിന്റെ 22.04.2017 ലെ 60/ഇ.പി.ബി3/തസ്വഭവ നമ്പർ കത്ത്
2. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19.06.2017 ലെ ഡി4.9718/16 നമ്പർ കത്ത്
3. സർക്കാരിന്റെ 02.11.2017 ലെ 60/ഇ.പി.ബി3/തസ്വഭവ നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ. ഡി4-14762/2017 തീയതി:01.12.2017</u>**

മലപ്പുറം ജില്ലയിലെ വള്ളികുന്ന് ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.സി.സുഭാഷ് കുമാറിനെതിരെ പരാമർശം (1) പ്രകാരം സർക്കാരിന് ലഭിച്ച പരാതിയിൻമേൽ പരാമർശം (2) പ്രകാരം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ തിരുരങ്ങാടി സബ്ബ് ഡിവിഷനിൽ വള്ളികുന്ന് സെക്ഷൻ മൂന്നാം തരം ഓവർസിയർ ശ്രീമതി.രചന.കെയുടെ വ്യാജ ഒപ്പും സീലും പതിച്ച് കെട്ടിടനിർമ്മാണനുമതി നൽകിയതിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. ആയതിന് ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.സി.സുഭാഷ്കുമാറിനെതിരെ പരാമർശം (3) പ്രകാരം കർശന അച്ചടക്കനടപടി സ്വീകരിക്കുവാൻ സർക്കാർ ശുപാർശ ചെയ്തു.

മേൽ സാഹചര്യത്തിൽ , ഗുരുതരമായ ക്രമക്കേടുകൾക്ക് ടിയാൻ ഉത്തരവാദിയായതിനാൽ വള്ളികുന്ന് ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.സി.സുഭാഷ് കുമാറിനെ അച്ചടക്ക നടപടിയ്ക്ക് വിധേയമായി ഉടൻ പ്രാബല്യത്തിൽ വരുത്തയ്ക്ക വിധം സേവനത്തിൽ നിന്ന് സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ശ്രീ.സി.സുഭാഷ് കുമാറിന് നിയമാനുസൃതമുളള ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിയ്ക്കുന്നതാണ്.

പി.മേരിക്കുട്ടി, ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

ശ്രീ.സി.സുഭാഷ് കുമാർ
അസിസ്റ്റന്റ് സെക്രട്ടറി, വള്ളികുന്ന് ഗ്രാമപഞ്ചായത്ത്
(നിലവിൽ സെക്രട്ടറി, ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത്,കോഴിക്കോട്)
(കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്: 1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
(ഉത്തരവ് നടപ്പിൽ വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്)
2. സെക്രട്ടറി, വള്ളികുന്ന് ഗ്രാമപഞ്ചായത്ത്,മലപ്പുറം
3. സെക്രട്ടറി, ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത്,കോഴിക്കോട്
4. സൂപ്രണ്ട് 'ഇ' സെക്ഷൻ
5. കരുതൽ/അധികം.

ഡി.4 സെക്ഷൻ